**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

ഹാജർ: ആസിഫ് കെ യൂസഫ് IAS

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - ജീവനക്കാര്യം - ഓച്ചിറ ക്ഷീരോല്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ നൈറ്റ് വാച്ചർ ആയിരുന്ന ശ്രീ.എസ്.ഹംസപിള്ള - ശൂന്യവേതനാവധിക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിക്കാത്തതിനാലും, അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നതിനാലും - അച്ചടക്ക നടപടി - ടിയാനെ സർക്കാർ സർവീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം. DDDKER/4976/2021-ES2 തിരുവനന്തപുരം,തീയതി:08-07-2024

പരാമർശം:- 1 . 04.01.2022 ലെ DDDKER/4976/2021-ES2 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

2. ഈ ഓഫീസിലെ 15.02.2022 ലെ ഇതേ നമ്പർ കത്ത്

3. 20.07.2023 ലെ DDDKER/4976/2021-ES2 നമ്പർ ചാർജ്ജ് മെമ്മോ

4. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 18.11.2023 ലെ ഇതേ നമ്പർ ഉത്തരവ്.

5. ശ്രീമതി.ഇ.ഷീജ, സീനിയർ സൂപ്രണ്ട് 07.12.2023 ൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്

6. 19.03.2024 ലെ DDDKER/4976/2021-ES2 നമ്പർ നോട്ടീസ്.

7. ഈ ഓഫീസിലെ 12.04.2024 ലെ ഇതേ നമ്പർ കത്ത്

8. 1960 ലെ കെ.സി.എസ്(സി.സി&എ) ചട്ടങ്ങളിലെ ചട്ടം 15 (12) (iii)

9. കേരള സർവ്വീസ് റൂൾസ് ഭാഗം 1 അനുബന്ധം XII A ലെ ഖണ്ഡിക 9

**ഉത്തരവ്**

ഓച്ചിറ ക്ഷീരോല്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ നൈറ്റ് വാച്ചർ ആയിരുന്ന ശ്രീ.എസ്.ഹംസപിള്ളയ്ക്ക് കെ.എസ്.ആർ ഭാഗം I അനുബന്ധം XII A പ്രകാരം വിദേശത്ത് ജോലിയിൽ തുടരുന്നതിന് 19.09.2006 മുതൽ 18.09.2021 വരെ തുടർച്ചയായി 15 വർഷത്തെ ശൂന്യവേതനാവധികൾ അനുവദിച്ചിരുന്നു. എന്നാൽ അവധി കഴിഞ്ഞ് 19.09.2021 ന് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന ടിയാൻ തിരികെ ജോലിയിൽ പ്രവേശിക്കുകയോ മറ്റ് അപേക്ഷകളോ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പരാമർശം(1) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകി വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് വിതരണം ചെയ്യപ്പെടാതെ ' Addressee Left India ' എന്ന പുറത്തെഴുത്തു സഹിതം പോസ്റ്റൽ അധികാരികൾ ഡിപാർട്ട്മെന്റിലേയ്ക്ക് മടക്കി നൽകിയിരുന്നു. ടി രജിസ്റ്റേർഡ് കത്ത് മടങ്ങി വന്നതിനാൽ വിഷയം പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുവാൻ മേൽ പരാമർശം (2) പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് കത്ത് നൽകുകയും ആയത് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ.ഹംസപിള്ളയുടെ ഭാഗത്ത് നിന്നും മറുപടി ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ

അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി മേജർ പെനാൽറ്റിയ്ക്കുള്ള ചാർജ്ജ് മെമ്മോ പരാമർശം(3) പ്രകാരം നൽകിയിരുന്നു. ടിയാനെതിരെയുള്ള ചാർജ്ജുകൾ ചുവടെ ചേർക്കുന്നു.

i. " *ശ്രീ.എസ്.ഹംസപിള്ള എന്ന താങ്കൾ, കെ.എസ്.ആർ ഭാഗം I, അനുബന്ധം XII A പ്രകാരം 19.09.2006 മുതൽ തുടർച്ചയായി 15 വർഷത്തെ ശൂന്യവേതനാവധിയിലായിരുന്നു. എന്നാൽ അവധി കഴിഞ്ഞ് തിരികെ 19.09.2021-ന് ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന താങ്കൾ ജോലിയിൽ പ്രവേശിക്കാതെ നിരുത്തരവാദപരമായി ഓഫീസിൽനിന്ന് വിട്ട് നിൽക്കുകയാണ്. ഇത് കടുത്ത അച്ചടക്ക ലംഘനമാണ്.*

ii. *താങ്കൾ നിശ്ചിത സമയത്തിനുള്ളിൽ സർവീസിൽ പ്രവേശിക്കുകയോ മറ്റ് അപേക്ഷകൾ സമർപ്പിക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ, ഈ പ്രവൃത്തി ഗുരുതരമായ അച്ചടക്ക ലംഘനവും സർക്കാർ സർവീസ് റൂൾസിനോടുള്ള വെല്ലുവിളിയുമാണ് എന്ന് വ്യക്തമാണ്.* "

പ്രസ്തുത ചാർജ്ജ് മെമ്മോ ടിയാൻ കൈപ്പറ്റിയിട്ടുണ്ട് എങ്കിലും യാതൊരു മറുപടിയും ടിയാളിൽ നിന്നും ലഭിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ ടി വിഷയത്തിൽ 1960 ലെ കെ.സി.എസ് (സി.സി & എ) റൂൾസിലെ ചട്ടം 15 ൽ അനുശാസിക്കും പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥയായി വകുപ്പിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.ഇ.ഷീജയെ നിയമിച്ച് പരാമർശം(4) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ക്ഷീരവികസന വകുപ്പിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.ഇ.ഷീജ പരാമർശം(5) പ്രകാരം സമർപ്പിച്ച ഔപചാരിക അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ ടി ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് ശ്രീ.എസ്.ഹംസപിള്ളയക്ക് ടിയാന്റെ വിശദീകരണം സമർപ്പിക്കുന്നതിനും, വാദം കേൾക്കുന്നതിനുമുള്ള അവസരം നൽകിയിട്ടും ടിയാൻ ആയതിന് ഹാജരായിരുന്നില്ല എന്ന് വ്യക്തമായിരിക്കുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ട് പ്രകാരം ചുവടെ ചേർത്തിട്ടുള്ള കാര്യങ്ങൾ ബോധ്യപ്പെട്ടിട്ടുണ്ട്

i. ശ്രീ.എസ്.ഹംസപിള്ള ഒരു മാസം മാത്രമേ സേവനം പൂർത്തിയാക്കിയിട്ടുള്ളൂ.

ii. അതിനു ശേഷം തുടർച്ചയായ 15 വർഷത്തെ അവധി കഴിഞ്ഞ് 19.09.2021 ന് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന ടിയാൻ തിരികെ ജോലിയിൽ പ്രവേശിക്കുകയോ മറ്റ് അപേക്ഷകളോ സമർപ്പിച്ചിട്ടില്ല.

iii. ഈ ഓഫീസിൽ നിന്നും നൽകിയ നോട്ടീസ്, ചാർജ്ജ് മെമ്മോ, പത്ര പരസ്യങ്ങൾ എന്നിവയ്ക്ക് ടിയാന്റെ ഭാഗത്ത് നിന്ന് മറുപടി ലഭ്യമായിട്ടില്ല.

iv. ടിയാന് അനുവദിച്ച ശൂന്യവേതനാവധിയ്ക്ക് ശേഷം അനധികൃതമായി ടിയാൻ ജോലിയ്ക്ക് ഹാജരായിട്ടില്ല എന്ന് ബോധ്യമായതിനെ തുടർന്ന്, ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ടിയാന് വിശദീകരണം സമർപ്പിക്കുന്നതിനും, വാദം കേൾക്കുന്നതിനുമുള്ള അവസരം

അന്വേഷണ ഉദ്യോഗസ്ഥ മുഖേന നൽകിയിട്ടും, ആയത് ടിയാൻ പ്രയോജനപ്പെടുത്തിയിട്ടില്ല.

പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഹംസപ്പിള്ള ഗുരുതരമായ അച്ചടക്ക ലംഘനത്തിനും, കൃത്യവിലോപനത്തിനും, സർവ്വീസ് ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയാണെന്ന് കണക്കാക്കി ടിയാനെതിരെ തിരെ 1960 ലെ കെ.സി.എസ്(സി.സി&എ) ചട്ടങ്ങളിലെ 11(1)(vii) പ്രകാരം ടിയാനെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു എന്നറിയിച്ച് കൊണ്ടുള്ള പരാമർശം(6) പ്രകാരമുള്ള നോട്ടീസും, ഔപചാരിക അന്വേഷണ റിപ്പോർട്ടും ടിയാന്റെ വിലാസത്തിൽ രജിസ്റ്റേർഡ് ആയി അയച്ചിരുന്നു. എന്നാൽ ആ നോട്ടീസ് വിതരണം ചെയ്യപ്പെടാതെ ' Addressee Left India ' എന്ന പുറത്തെഴുത്തു സഹിതം പോസ്റ്റൽ അധികാരികൾ ഡിപാർട്ട്മെന്റിലേയ്ക്ക് മടക്കി നൽകിയിരുന്നു.

പ്രസ്തുത നോട്ടീസിലെ താൽകാലിക തീരുമാനത്തിൽ വിശദീകരണം എന്തെങ്കിലും ഉണ്ടെങ്കിൽ ബോധിപ്പിക്കുവാൻ അറിയിച്ച് കൊണ്ട് പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുവാൻ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് പരാമർശം(7) പ്രകാരം കത്ത് നൽകുകയും ആയത് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ആയതിന് നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ടിയാളിൽ നിന്നും ലഭിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ ശൂന്യവേതനാവധിക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിക്കാതെ, അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നത് ഗുരുതരമായ അച്ചടക്ക ലംഘനത്തിനും കൃത്യവിലോപത്തിനും സർവീസ് ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയാണ് എന്ന് കാണുന്നതിനാൽ പരാമർശം(8),(9) പ്രകാരവും 1960 ലെ കെ.സി.എസ്(സി.സി&എ) ചട്ടങ്ങളിലെ 11(1)(vii) പ്രകാരവും ശ്രീ.എസ്.ഹംസപിള്ള, നൈറ്റ് വാച്ചറെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് നൽകിയ നോട്ടീസിലെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി സർവ്വീസിൽ നിന്നും നീക്കം ചെയ്ത് (Removed from the Civil Service of the State Government) ഇതിനാൽ ഉത്തരവാകുന്നു.

**ഡയറക്ടർ**

Signed by
Asif K Yusuf
Date: 08-07-2024 17:21:14

To
ശ്രീ.എസ്. ഹംസ പിള്ള
തറയിൽ തെക്കേതിൽ
വരവിള പി.ഒ
വവ്വാക്കാവ്

കൊല്ലം

പകർപ്പ്:- 1) പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്) , കേരള, തിരുവനന്തപുരം

2) പ്രിൻസിപ്പാൾ, ക്ഷീരോൽപന്ന നിർമ്മാണ പരിശീലന കേന്ദ്രം, ഓച്ചിറ

3) ഇ സെക്ഷൻ, ബി സെക്ഷൻ സൂപ്രണ്ട്മാർ

4) ഇ 3 സീറ്റ്, ബി3 സീറ്റ്

5) ഡി.എഫ്.ഐ, ഐ.റ്റി,സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

6) ഡയറക്ടറുടെ സി.എ

7) അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ